## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 127

01-12-2014- ൽ മറുപടിക്ക്

## ബേപ്പൂർ തുറമുഖ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബേപ്പൂർ തുറമുഖ വികസനത്തി നായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ; | (എ) ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കൺസൾട്ടിംഗ് എഞ്ചിനീറിംഗ് സർവ്വീസിനെ നിയമിച്ചു. അവർ തയ്യാറാക്കിയ Detailed Feasibility Report സർക്കാർ അംഗീകരിച്ചു. ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. ചാലിയം ഭാഗത്തുള്ള ഭൂമി പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട കപ്പൽ രൂപകല്പനാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മാറ്റി വെച്ചതിനാൽ തുറമുഖ വികസനത്തിനായി നിർദ്ദേശങ്ങൾ ലഭിച്ചില്ല. പഴയ വാർഫിനും ഫിഷിംഗ് ഹാർബറിനും ഇടയിൽ വാർഫ് നിർമ്മിക്കുന്നതിന് ലക്ഷദ്വീപ് ഭരണ കൂടവുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പുതിയ വാർഫിന് പടിഞ്ഞാറ് വശം ഒരു വാർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് നിന്ന് കണ്ടെയ്നർ ചരക്ക് ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കപ്പൽ ചാനലിന്റേയും ബേസിന്റേയും ആഴം 5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത തുറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ബേപ്പൂർ തുറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ 10,23,45,690/- രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ